പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1306 **15-10-2026-ൽ മറുപടിയ്ക്ക്**

<u>പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സിറിയക് തോമസ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കിഫ്ബി പദ്ധതി മുഖേന പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കുമോ;

<u>മറുപടി:</u> പീരുമേട് താലൂക്ക് ആശുപത്രി വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് SIA പഠന റിപ്പോർട്ട് ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ RFCTLARR Act 2013 വകുപ്പ് 7 പ്രകാരം വിദഗ്ധ സമിതികൂടി SIA റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതും, ടി റിപ്പോർട്ടും ജില്ല കളക്ടറുടെ ഉത്തരവുകളും സ്ഥലത്ത് പ്രചാരത്തിലുള്ള പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഇത് സംബന്ധിച്ച് ഏതൊക്കെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; പകർപ്പ് ലഭ്യമാക്കുമോ;

<u>മറുപടി:</u> പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് RFCTLARR Act 2013 പ്രകാരമുള്ള 4(1), കേരള സർവ്വേയും അതിർത്തിയും നിയമം, 1961 പ്രകാരമുള്ള 6(1) എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. **പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

(സി) ഏറ്റെടുക്കേണ്ടുന്ന സ്ഥലത്തിന്റെ അളവ്, ഇനം, സർവ്വേ നമ്പറുകൾ എന്നിവ അറിയിക്കുമോ;

<u>മറുപടി:</u> പീരുമേട് താലൂക്കിൽ, പീരുമേട് വില്ലേജിൽ സർവ്വെ നം.176/1-184ൽ 0.1680 ഹെക്ടറും, സർവ്വെ നം.176/1-97ൽ 0.1680 ഹെക്ടറും ഉൾപ്പെടെ ആകെ 0.3360 ഹെക്ടർ പുരയിടം ഇനത്തിലുള്ള ഭൂമിയാണ് പീരുമേട് താലൂക്ക് ആശുപത്രി വികസനത്തിനായി ഏറ്റെടുക്കേണ്ടത്.

(ഡി) സ്ഥലമേറ്റെടുക്കൽ നടപടികളിൽ ഏതൊക്കെ ഘട്ടം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ; നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള തടസം പരിഹരിക്കുമോ?

<u>മറുപടി:</u> സ്ഥലമേറ്റെടുപ്പ് നടപടികളുടെ 4(1), 6(1) വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് നിലവിൽ യാതൊരുവിധ തടസങ്ങളും നേരിടുന്നില്ല.

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14 Vol. XIV	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2025 നവംബർ 28 28th November 2025 1201 വൃശ്ചികം 12 12th Vrischikam 1201 1947 അഗ്രഹായനം 7 7th Agrahayana 1947	നമ്പർ No.	4124

Form No.4
[See rule 11 (3)]
NOTIFICATION

No.DCIDK/4288/2022- C7 2025 November 18

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for construction of Peermade Taluk Hospital Development Project.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

Now, THEREFORE, sanction is accorded to the District level Social Impact Assessment Unit, viz. KAIROS (Kannur Association for Integrated Rural Organozation and Support), Kannur to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, The process shall be completed within a period of 1 month, not exceeding 2 months in any case.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SCHEDULE

District : Idukki

Taluk : Peermade *Village : Peermade*

(The extent given in approximate)

Sl. No.	Survey No	Describtion	Extent H Are Sqr Meter
1.	176/1-184	Dry	0.1680 Hector
2.	176/1-97	Dry	0.1680 Hector
Total			**0.3360 Hector**

Sd/-
District Collector, Idukki

ഫാറം നമ്പർ 4
[ചട്ടം 11 (3) കാണുക]
വിജ്ഞാപനം

No.DCIDK/4288/2022- C7 2025 നവംബർ 18

കേരള സംസ്ഥാന സർക്കാരിന് ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പീരുമേട് താലൂക്ക് ആശുപത്രി വികസനത്തിനു വേണ്ടി ആവശ്യമുണ്ടോ ആവശ്യമുണ്ടായേക്കാമെന്നോ ബോധ്യമായതിനാലും.

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് ((കേന്ദ്ര ആക്ട് 30, 2013)) 4-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് ജില്ലാ കളക്ടർ തീരുമാനിച്ചിരിക്കുന്നതിനാലും,

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റായ KAIROS(കണ്ണൂർ അസോസിയേഷൻ ഫോർ ഇന്റഗ്രേറ്റഡ് റൂറൽ ഓർഗനൈസേഷൻ ആന്റ് സപ്പോർട്ട്, കണ്ണൂർ എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ ഒരു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും രണ്ട് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

പട്ടിക

ജില്ല : ഇടുക്കി

താലൂക്ക് : പീരുമേട് *വില്ലേജ് : പീരുമേട്*

(ഏകദേശ വിസ്തീർണ്ണം)

ക്രമ നമ്പർ	സർവ്വെ നമ്പർ	വിവരണം	വിസ്തീർണ്ണം
1.	176/1-184	പുരയിടം	0.1680 ഹെക്ടർ
2.	176/1-97	പുരയിടം	0.1680 ഹെക്ടർ
ആകെ			**0.3360 ഹെക്ടർ**

(ഒപ്പ്)
ജില്ലാ കളക്ടർ, ഇടുക്കി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14 Vol. XIV	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2025 ജൂലൈ 04 04th July 2025 1200 മിഥുനം 20 20th Mithunam 1200 1947 ആഷാഢം 13 13th Ashadha 1947	നമ്പർ No. 2480

1961 - ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

ബി- 701/2022 2025 ജൂലൈ 02

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്ക്, പീരുമേട് വില്ലേജിൽ ഉൾപ്പെടുന്ന താഴെ പറയുന്ന സർവ്വേ നമ്പറിൽപ്പെട്ട പീരുമേട് താലൂക്ക് ആശുപത്രി വികസന പദ്ധതിക്കായ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതുമായ ഭൂമിയുടെ സർവ്വേ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാൽ ഈ വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, മേൽപ്പറഞ്ഞ വില്ലേജിലെ താഴെ പറയുന്ന സർവ്വേ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) -ാം വകുപ്പുപ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

മേൽപ്പറഞ്ഞ ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വേയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുംവേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ആക്ടിലെ 6 (2) എന്ന വകുപ്പപ്രകാരം ഈ പരസ്യം മേൽപ്പറഞ്ഞ ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3)-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാർക്കും :-

1. സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാട്ടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും;
2. കൊടിപിടിക്കുന്നവരേയും ചെയിൻമാൻമാരേയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;
3. അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റുപ്രകാരങ്ങളിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (1) മുതൽ (3) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽനിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിവരങ്ങൾ

ജില്ല – ഇടുക്കി *താലൂക്ക് – പീരുമേട്*

വില്ലേജ് – പീരുമേട്

ക്രമ നമ്പർ	സർവ്വേ നമ്പർ
1	176/1 (176/1-16 A9 pt)

(ഒപ്പ്)

സ്ഥലമെടുപ്പ് ആഫീസർ ആന്റ്

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തൊടുപുഴ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Abstract

Revenue Department - Acquisition of 83 cents of land in Peerumedu Village of Idukki district for the development of Taluk Hospital, Peerumedu - Sanction accorded - Orders issued

REVENUE (B) DEPARTMENT

G.O.(Rt)No.3195/2022/RD Dated,Thiruvananthapuram, 27-07-2022

Read
1. G.O(Ms) No. 56/2019/RD dated 14/02/2019
2. G.O(Rt) No. 755/2022/H&FWD dated 02/04/2022
3. Letter No.PLA3-60607/2021/Health dated 28/06/2022 from the Director, Health Services, Thiruvananthapuram

ORDER

The Director of Health Services, Thiruvananthapuram as per letter read as 3rd paper above has requested sanction for the acquisition of 83 cents of land in Peerumedu Village of Idukki district for the development of Taluk Hospital, Peerumedu as detailed below:

Village	Taluk	Survey No.	Extent
Peerumedu	Peerumedu	176/1	83 cents

2. Government have examined the matter in detail and are pleased to accord sanction to the District Collector, Idukki to acquire an extent of 83 cents of land in Peerumedu Village of Idukki district for the development of Taluk Hospital, Peerumedu by invoking the provisions contained in LARR Act, 2013.

3. The District Collector, Idukki is to resort to acquire land by invoking the provisions contained in LARR Act, 2013. The District Collector will ensure that approval under extant Acts & Rules viz, Conservation of Paddy land and Wet land Act, Coastal Zone Regulation Act and Environment Act, whichever are applicable to the proposal in this case are obtained by the Requisition Authority.

4. The District Collector shall ensure that the requisitioning authority has deposited 5% Contingency Charges of the cost of compensation or Rupees Fifty lakhs whichever is less as provided in Rule 4(3) of LARR Rules, 2015 r/w G.O(P) No17/18/RD dated 12/04/2018, in the TSB account before proceeding with the land acquisition. Before issuance of 19(1) Declaration the District Collector should also ensure that the balance entire cost of compensation calculated by the Land Acquisition Officer as provided in Rule 4(6) of LARR Rules, 2015 has been fully deposited by the requisitioning authority in the TSB account or else the acquisition proceedings will be stopped at once.

(By order of the Governor)
ABDUL NASAR B I A S
ADDITIONAL SECRETARY

To:
The Commissioner of Land Revenue, Thiruvananthapuram
The District Collector, Idukki
The Accountant General (A&E/ Audit), Kerala, Thiruvananthapuram
The Health & Family Welfare Department
The I& PR(W& NM) Department
Stock File/ Office copy
Copy to: PS to Hon'ble Minister(Revenue)
PA to Additional Chief Secretary (Revenue &DM)
CA to Special Secretary(Revenue)
CA to Additional Secretary (Revenue)

Forwarded /By order

Section Officer